വനിതകളെ തേടി നെട്ടോട്ടം

പത്തനംതിട്ട: വിവിധ രാഷ്ട്രീയകക്ഷികളുടെ ജില്ലാ പ്രാദേശിക നേതാക്കന്മാർക്കു സ്വന്തം വാർഡുകൾ നഷ്ടമായപ്പോൾ സംവരണ വാർഡുകളിലേക്കു വനിതകളെ തേടി നെട്ടോട്ടം തുടങ്ങി.ഗ്രാമപഞ്ചായത്തുകളിലേക്കും നഗരസഭകളിലേക്കും സെപ്റ്റംബറിൽ നടക്കുന്ന തെരഞ്ഞെടുപ്പിനു വേണ്ടിയുള്ള സംവരണ വാർഡുകളുടെ നറുക്കെടുപ്പാണ് പൂർത്തിയായത്. കഴിഞ്ഞതവണ ജനറൽ വാർഡുകളായിരുന്നവയാണ് ഇത്തവണ നറുക്കിട്ടത്. ഇതുകൊണ്ടുതന്നെ സംവരണ വാർഡുകളായി തെരഞ്ഞെടുത്തതു പുരുഷ ജനപ്രതിനിധികളുടേതാണ്.നിലവിലുള്ള വനിതാ മെംബർമാർ വീണ്ടും മത്സരിക്കാനാഗ്രഹിക്കുന്നവർ സംവരണ വാർഡുകൾ തന്നെ വേണമെന്നുള്ളവർക്കു മാറി മത്സരിക്കേണ്ടിവരും. വാർഡുകളുടെ അതിർത്തികളിൽ നേരിയ മാറ്റങ്ങൾ എല്ലായിടത്തുമുണ്ടെങ്കിലും പഴയ വനിതാ സംവരണ വാർഡുകളെല്ലാം ജനറൽ വാർഡുകളായി.

പത്തനംതിട്ട, തിരുവല്ല നഗരസഭകളിൽ ചെയർമാനും വൈസ് ചെയർമാനും സ്വന്തം വാർഡുകൾ സംവരണമായപ്പോൾ അടൂരിലെ ചെയർപേഴ്സന്റെ വാർഡു ജനറൽ പട്ടികയിലുമായി.

തിരുവല്ലയിൽ നഗരസഭ ചെയർമാൻ ചെറിയാൻ പോളച്ചിറയ്ക്കൽ, വൈസ് ചെയർമാൻ സതീഷ് ബാബു എന്നിവരുടെ വാർഡുകളും വനിതാ സംവരണമായി മാറി. മുൻ ചെയർമാൻമാരായ ആർ.ജയകുമാർ, കോശി തോമസ് എന്നിവരുടെ വാർഡുകളും വനിതാ സംവരണമായി. പ്രതിപക്ഷ നേതാവ് എം.പി ഗോപാലകൃഷ്ണന്റെ വാർഡും വനിതാ സംവരണ പട്ടികയിലായി.അടൂരിൽ ചെയർപേഴ്സൺ ജെസി ബേബി പാലവിളയുടെ വാർഡ് ജനറലായി മാറി. മുൻ ചെയർപേഴ്സൺ അന്നമ്മ എബ്രഹാമിന്റെ വാർഡും ജനറൽ പട്ടികയിലാണ്. വൈസ് ചെയർമാൻ എ.കെ കൃഷ്ണൻകുട്ടിയുടെ വാർഡാകട്ടെ വനിതാ സംവരണപട്ടികയിലുമായി.

വനിതാസംവരണ വാർഡുകളുടെ എണ്ണം വർധിച്ചതോടെ നിലവിലുള്ള വനിതാ മെംബർമാരിൽ മത്സരിക്കാൻ താത്പര്യമുള്ള എല്ലാവർക്കും സീറ്റുറപ്പായിരിക്കുകയാണ്. 2005ൽ 33 ശതമാനം സംവരണമുണ്ടായിരുന്ന സ്ഥാനത്തു 50 ശതമാനമായി ഉയർത്തിയതോടെ പൊതുരംഗത്തേക്കു വനിതകളുടെ ഒഴുക്കുതന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇരുമുന്നണികൾക്കും എല്ലാ വനിതാ വാർഡുകളിലും സ്ഥാനാർഥികളെ കണ്ടെത്തേണ്ടതുണ്ട്. 429 വനിതാ സംവരണ വാർഡുകളാണ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്കുള്ളത്. മിക്കവാറും വാർഡുകളിലും ബിജെപിയും സ്ഥാനാർഥിയെ നിർത്താനാണ് സാധ്യത. ഇതോടൊപ്പം നഗരസഭ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ എന്നിവിടങ്ങളിലേക്കും വനിതാ സ്ഥാനാർഥികളെ കണ്ടെത്തേണ്ടതുണ്ട്.

വനിതാ, പട്ടികജാതി സ്ഥാനാർഥികൾക്കായി രാഷ്ട്രീയകക്ഷികൾ തെരച്ചിൽ ആരംഭിച്ചു കഴിഞ്ഞു. പൊതുരംഗത്തുള്ള വനിതകളെ തങ്ങളുടെ പക്ഷത്ത് ഉറപ്പിച്ചു നിർത്താനുള്ള ശ്രമമാണ് രാഷ്ട്രീയകക്ഷികളുടേത്. കുടുംബശ്രീ, ജനശ്രീ തുടങ്ങിയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പലരും സ്ഥാനാർഥിക്കുപ്പായം ധരിക്കേണ്ടിവരും. ഇതോടൊപ്പം ജനറൽ വനിതാ വാർഡുകളിലേക്കു അധ്യാപികമാർ, റിട്ടയേഡ് സർക്കാർ ഉദ്യോഗസ്ഥകൾ, അഭിഭാഷകർ എന്നിവർക്കാണ് ഡിമാൻഡ്. ഇത്തരം ആളുകളെ മത്സരരംഗത്തിറക്കുന്നതിനായി രാഷ്ട്രീയപാർട്ടികൾ ശ്രമം നടത്തുന്നുണ്ട്. വ്യക്തമായ രാഷ്ട്രീയ പ്രവർത്തനം നടത്താത്ത വനിതകളെയും അവരുടെ കുടുംബാംഗങ്ങളെയും ഒരേ രാഷ്ട്രീയകക്ഷികൾ തന്നെ സമീപിച്ചു കഴിഞ്ഞു. പൊതുരംഗത്തേക്കു വരാനാഗ്രഹിക്കുന്നവർക്കു രാഷ്ട്രീയകക്ഷികൾ നിരവധി വാഗ്ദാനങ്ങളാണു നല്കുന്നത്. സംവരണത്തിലൂടെ വനിതാ പ്രാതിനിധ്യം ഏറുന്നതോടെ തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷ സ്ഥാനം, ഭാവിയിൽ നിയമസഭാ പ്രാതിനിധ്യം തുടങ്ങിയ വാഗ്ദാനങ്ങളും മുറപോലെ എത്തുന്നുണ്ട്.

ദുരന്തം പ്രവചിച്ച ബോട്ട് മാസ്റ്റർ രാജന്റെ ദുരിതപർവത്തിനും വയസ് എട്ട്

ആലപ്പുഴ: നാടിനെ കണ്ണീരിലാഴ്ത്തിയ കുമരകം ദുരന്തത്തിന് എട്ടുവയസ് തികഞ്ഞു. ദുരന്തം പ്രവചിച്ച ബോട്ട് മാസ്റ്റർ വി. രാജന് പ്രവചനത്തിന് സമ്മാനമായി അധികാരികൾ നൽകിയ പീഡന പർവത്തിനും എട്ട് വയസ് പൂർത്തിയാകുന്നു. മുഹമ്മ- കുമരകം റൂട്ടിൽ ദീർഘകാലം ബോട്ട് മാസ്റ്ററായിരുന്ന ആളാണ് വടക്കനാര്യാട് ചേന്നിശേരി വെളി വി. രാജൻ (58). ഒരു പക്ഷേ ദുരന്തത്തിൽ മരിച്ചവരോടൊപ്പം വേമ്പനാട്ടുകായലിന്റെ അഗാതതകളിൽ രാജന്റെ ജീവൻ പൊലിയാതിരുന്നത് ദൈവാധീനമൊന്നുകൊണ്ടുമാത്രമാണെന്ന് ഇദ്ദേഹം പറയുന്നു.പക്ഷേ മരണത്തേക്കാൾ വലിയ പീഡനമമാണ് ദുരന്തവുമായി ബന്ധപ്പെട്ട് രാജനേറ്റുവാങ്ങേണ്ടിവന്നത്. പീഡനത്തിന്റെ കാരണമാകട്ടെ മുഹമ്മ- കുമരകം റൂട്ടിലെ ബോട്ടുകൾ യാത്രായോഗ്യമല്ലെന്നും ഉടനെ അറ്റകുറ്റപ്പണികൾ ചെയ്യണമെന്നും ഇല്ലെങ്കിൽ വൻ ദുരന്തമുണ്ടാകുമെന്നും അധികൃതരെ കാലേക്കൂട്ടി അറിയിച്ചതാണ്.

പലകുറി മേലുദ്യോഗസ്ഥന്മാരോട് ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടിയിട്ടും നടപടിയുണ്ടാകാത്തതിനെത്തുടർന്ന് 2002 ജനുവരി ഏഴിന് രാജൻ സംസ്ഥാന ഗതാഗത മന്ത്രിക്കും ജില്ലാ കളക്ടർക്കും രേഖാമൂലം പരാതിയയച്ചു. ആറുമാസം പിന്നിട്ടപ്പോൾ 29 പേരുടെ മരണത്തിനിടയാക്കിക്കൊണ്ട് കുമരകത്ത് ബോട്ടപകടവുമുണ്ടായി. അപകടത്തെത്തുടർന്ന് രാജൻ മുന്നറിയിപ്പ് നൽകിയ വാർത്തകൾ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടതോടെയാണ് ഇദ്ദേഹത്തിന്റെ ദുരിതകാലം ആരംഭിച്ചത്. വകുപ്പിന്റെ അനുമതി കൂടാതെ വകുപ്പിനെതിരേ പരാതി നൽകിയത് പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നാരോപിച്ച് ഉന്നത ഉദ്യോഗസ്ഥർ രാജനെ പീഡിപ്പിച്ചുതുടങ്ങി.

രാജനെതിരേ കുറ്റാരോപണ പത്രിക 2002 ഏപ്രിൽ പുറപ്പെടുവിപ്പിച്ചു. രാജന്റെ വിശദീകരണങ്ങളൊന്നും ചെവിക്കൊള്ളാതെ രാജൻ കുറ്റക്കാരനാണെന്ന് വിധിക്കുകയും ചെയ്തു. ദുരന്തം ഒഴിവാക്കാനും താൻ ജോലി ചെയ്യുന്ന വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കാനും വേണ്ടി മാത്രം വകുപ്പിലെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയ രാജൻ ഒടുവിൽ മേലുദ്യോഗസ്ഥരുടെ കണ്ണിലെ കരടായി. രാജനെ കുടുക്കാൻ ഉന്നത ഉദ്യോഗസ്ഥന്മാർ പദ്ധതികൾ തയാറാക്കി. അങ്ങനെ ഒടുവിൽ അവരുടെ തന്ത്രം വിജയിക്കുകതന്നെ ചെയ്തു.

പുലർച്ചെ 5.45 ന് മുഹമ്മയിൽ നിന്നും കുമരകത്തേക്ക് പുറപ്പെട്ട രാജൻ മാസ്റ്ററായിട്ടുള്ള ബോട്ടിൽ ബോട്ട് നിർത്തുന്നതിന് മുമ്പ് അഞ്ച് സ്പെഷൽ സ്ക്വാഡ് ഇൻസ്പെക്ടർമാർ ഇരച്ചുകയറി ടിക്കറ്റുകളും ലഗേജുകളും അരിച്ചുപെറുക്കി. രാജന്റെ ആ ഷെഡ്യൂളിലെ അവസാനത്തെ ട്രിപ്പായിരുന്നുവത്. ഒടുവിൽ അവർ രാജന്റെ മേൽ വലിയൊരു കുറ്റം ചുമത്തി. അന്നത്തെ കളക്ഷൻ ഇനത്തിൽ രാജന്റെ കൈയിൽ കാണേണ്ടത് 1662 രൂപ ബാഗിൽ ഉണ്ടായിരുന്ന 1607 രൂപ 75 പൈസ. അഞ്ചേ മുക്കാൽ രൂപയുടെ ഗുരുതരമായ പണാപഹരണം നടത്തിയെന്നായി രാജന്റെ പേരിലുള്ള കേസ്. തുടർന്ന് ഇതിന്റെ പേരിൽ രാജനെ സസ്പെൻഡ് ചെയ്തു. നിരന്തരമായ പീഡനം രാജനെ രോഗിയാക്കി. രക്തത്തിൽ പഞ്ചസാരയുടെ അളവ് കൂടി ഒരിക്കൽ ഹൃദയാഘാതവുമുണ്ടായി. ഭാര്യയുടെ ജോലി കൊണ്ടാണ് ബധിരനായ ഒരു മകനെയടക്കം രണ്ടു കുട്ടികളെ പിന്നീട് പഠിപ്പിച്ചത്. രോഗം അൽപമൊന്നു ശമിച്ചപ്പോൾ സർവ അപരാധവുമേറ്റുപറഞ്ഞ് രാജൻ വീണ്ടും ജോലിക്ക് കയറി.

പക്ഷേ തെറ്റുകാരനായ രാജന്റെ നേർക്കുള്ള പ്രതികാര നടപടികൾ തുടരുക തന്നെയായിരുന്നു. 2006 ൽ പെൻഷൻ പറ്റുമ്പോൾ 13,350 രൂപ അടിസ്ഥാന ശമ്പളം കിട്ടേണ്ട രാജന് കിട്ടിയത് 8990 രൂപ. പെൻഷൻ കിട്ടിയതാകട്ടെ പ്രതിമാസം 4500 രൂപയും. മുഹമ്മ- കുമരകം ബോട്ട് യാത്രക്കാരെ രക്ഷിക്കാനും ദുരന്തം ഒഴിവാക്കാനും രാജൻ ശ്രമിച്ചതിന് രാജന് കിട്ടിയത് കടുത്ത രോഗവും പെൻഷൻ ശമ്പളമിനത്തിലുള്ള ലക്ഷങ്ങളുടെ നഷ്ടവും മാത്രമാണ്. എങ്കിലും വ്യക്തിപരമായ കഷ്ടനഷ്ടങ്ങളേക്കാൾ തനിക്ക് ചിരപരിചിതരായ ഒട്ടേറെപ്പേരുടെ അകാല വിയോഗമാണ് രാജനെ ഇപ്പോഴും വിഷമിപ്പിക്കുന്നത്.

രാഷ്ട്രപതിയെ വരവേൽക്കാൻ കുമരകം ഒരുങ്ങുന്നു

കോട്ടയം: രാഷ്ട്രപതി പ്രതിഭാ പാട്ടീലിന്റെ കോട്ടയം സന്ദർശനം സംബന്ധിച്ച് രാഷ്ട്രപതിഭവനിൽനിന്നുള്ള ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ലെങ്കിലും ക്രമീകരണങ്ങൾക്ക് തുടക്കമായി. ഓഗസ്റ്റ് 12 മുതൽ 14 വരെ രാഷ്ട്രപതി കേരളത്തിലുണ്ടാകുമെന്ന് തീർച്ചയായിരിക്കെ പ്രഥമ പൗരനും സംഘവും രണ്ടു ദിവസം താമസിക്കുന്ന കുമരകം ടാജ് ഹോട്ടലിലാണ് സുപ്രധാന ക്രമീകരണങ്ങൾ. രാഷ്ട്രപതിയുടെ സംഘത്തിൽ നൂറിലേറെപേർ ഉണ്ടാകുമെന്ന് അറിയുന്നു.

ജില്ലയിൽ ആയിരത്തോളം പോലീസിന്റെ സേവനമാണ് ഈ ദിവസങ്ങളിലുണ്ടാകുക. ആലപ്പുഴ, ഭരണങ്ങാനം എന്നിവിടങ്ങളിലാണ് പ്രതിഭാ പാട്ടിലിന്റെ പ്രധാന ചടങ്ങുകൾ. 12-ന് ഭരണങ്ങാനത്ത് വിശുദ്ധ അൽഫോൻസാ ജൻമശതാബ്ദിയാഘോഷം, 14-ന് പുന്നമടക്കായലിൽ നെഹ്റു ട്രോഫി വള്ളംകളി എന്നിവയിൽ രാഷ്ട്രപതി പങ്കെടുക്കും.

കുമരകം ടാജ് ഇന്റർനാഷണൽ ഹോട്ടലിൽ 11 മുതൽ 14 വരെ രാഷ്ട്രപതിയുടെ സംഘത്തിനുമാത്രമാണ് പ്രവേശനം. ഫയർ, ആംബുലൻസ്, മെഡിക്കൽ ടീം ഹോട്ടലിനോട് ചേർന്നുണ്ടാവും. ഹോട്ടലിനുചുറ്റും കമ്പിവേലിയും കാമറകളും സ്ഥാപിക്കാനും നടപടിയായി. ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകും. ഹോട്ടലി ലെ ജീവനക്കാരെക്കുറിച്ചും പോലീസ് അന്വേഷണം നട ത്തും. ഹോട്ടലിലെ 28 മുറികളും രാഷ്ട്രപതിയുടെ സംഘത്തിനായി ഒരുക്കുകയാണ്. പ്രത്യേക പാചകക്കാരുമുണ്ടാകും. ഹോട്ടലിലെ എല്ലാ മുറികളും പരിസരവും മെറ്റൽ ഡിറ്റക്റ്റർ പരിശോധനയ്ക്കു വിധേയമാക്കും.

കോട്ടയം, ആലപ്പുഴ ജില്ലകളിൽ സുരക്ഷ ഈ ദിവസങ്ങളിൽ അതികർശനമായിരിക്കും. ജില്ലയിലുടനീളം രാവുംപകലും വാഹനപരിശോധനയുണ്ടാകും. വേമ്പനാട്ടുകായലിൽ നേവിയുടെ നിരീക്ഷണം ആരംഭിച്ചിട്ടുണ്ട്. മുൻപ് പ്രധാനമന്ത്രി എ.ബി. വാജ്പേയ് ടാജിലെത്തിയപ്പോഴും കർശനമായ സുരക്ഷയാണ് ഏർപ്പെടുത്തിയിരുന്നത്.

വള്ളംകളിയുടെ ആവേശത്തിൽ കുമരകം

കുമരകം: കോട്ടയം ജില്ലയിൽ നിന്നു അഞ്ചു ജലരാജാക്കൻമാർ ഇക്കുറി നെഹ്റു ട്രോഫിക്കു വേണ്ടി പൊരുതാൻ തയാറെടുപ്പ് നടത്തുന്നതോടെ കുമരകം വള്ളംകളിയുടെ ആവേശത്തിമിർപ്പിലായി. എങ്ങും ചുണ്ടൻവള്ളങ്ങളെക്കുറിച്ചും ക്ലബുകളെക്കുറിച്ചുമുള്ള ചർച്ചയും വാക്പയറ്റും മാത്രം. തങ്ങളുടെ പ്രിയപ്പെട്ട ചുണ്ടൻ വള്ളങ്ങൾക്കും ക്ലബുകൾക്കും ആശംസകൾ ഏകിക്കൊണ്ട് ഫ്ളക്സ് ബോർഡുകൾ ഉയർന്നു കഴിഞ്ഞു.

ഇല്ലിക്കളം ചുണ്ടൻ, ജവഹർ തായങ്കരി, ചമ്പക്കുളം, പട്ടാറ, തുടങ്ങിയ ജലരാജാക്കൻമാർ കുമരകത്തും പരിസരപ്രദേശങ്ങളിലും മത്സരത്തിനായി തയാറാകുമ്പോൾ വൈക്കം ബോട്ട് ക്ലബിന്റെ ചെറുതന ചുണ്ടൻ മാത്രമാണ് അല്പം അകലെ പരിശീലനം നടത്തുന്നത്. അയ്മനം പഞ്ചായത്തിൽ പെട്ട ചീപ്പുങ്കൽ പെണ്ണാർ തോട്ടിൽ എമറേറ്റ്സ് ബോട്ട് ക്ലബിന്റെ ഇല്ലിക്കളം ചുണ്ടൻ പരിശീലനം ആരംഭിച്ചിട്ട് ദിവസങ്ങളായി.

കുമരകം ടൗൺ ബോട്ട് ക്ലബിന്റെ ജവഹർ തായങ്കരി കഴിഞ്ഞ ദിവസം കുമരകത്ത് എത്തി. ചന്തത്തോട്ടിൽ ക്ലബ് ഓഫീസിനു സമീപത്ത് അടുപ്പിച്ച വള്ളം കാണാനും വള്ളത്തിന്റെ കിടപ്പിനേയും അഴകിനേയും വർണിക്കാനുമായി നിരവധിപ്പേർ എത്തുന്നു.

ചമ്പക്കുളം മൂലം വള്ളംകളിയിൽ കുമരകം ബ്രദേഴ്സ് ബോട്ട് ക്ലബ് ആണ് ജവഹർ തായങ്കരി തുഴഞ്ഞത്. എന്നാൽ നെഹ്റു ട്രോഫിയിൽ മത്സരിക്കാൻ പണം മുടക്കാൻ തയാറുള്ള ക്യാപ്ടനെ ലഭിക്കാത്തതിനെ തുടർന്ന് അവർ വള്ളം തിരികെ നല്കി. ഇതേ തുടർന്നാണ് കുമരകം ടൗൺ ബോട്ട് ക്ലബിന് കരുവാറ്റ ശ്രീ വിനായക ചുണ്ടനു പകരം ജവഹർ തായങ്കരി വള്ളം ലഭിച്ചത്. ജോസഫ് ഫിലിപ്പ് മനയത്ത് ക്യാപ്ടനായുള്ള ജവഹർ തായങ്കരിയുടെ പരിശീലനം 29 ന് ആരംഭിക്കും. 16 ദിവസമാണ് പരിശീലനം.

കുമരകം ബോട്ട് ക്ലബിന്റെ പട്ടാറച്ചുണ്ടൻ നാളെ നീറ്റിലിറക്കി 29 ന് പരിശീലനം ആരംഭിക്കും. കെ.വി അജേഷ് ക്യാപ്ടനായ പട്ടാറച്ചുണ്ടന്റെ പരിശീലനം മുത്തേരിമടയിലാണ്. തിരുവാർപ്പ് ബോട്ട് ക്ലബിന്റെ ചമ്പക്കുളം ചുണ്ടൻ ഇന്നലെ തിരുവാർപ്പിലെത്തി. ജെയിംസ്കുട്ടി തെക്കേച്ചിറ ക്യാപ്ടനായ ചുണ്ടന്റെ പരിശീലനം വെട്ടിക്കാട്ടുമുക്കിൽ 29 ന് ആരംഭിക്കും.

കുമരകത്തും പരിസരങ്ങളിലും ഫ്ളക്സ് ബോർഡുകൾ ചുണ്ടൻ വള്ളങ്ങൾക്കും ക്ലബുകൾക്കും വിജയാശംസകൾ നേർന്ന് ഉയർന്നു കഴിഞ്ഞു. രാഷ്ട്രീയ ചർച്ചകൾക്ക് വേദിയാവാതെ വള്ളംകളിയുടെ ചർച്ചയാണ് ഇപ്പോൾ കുമരകത്തും പരിസരങ്ങളിലും. ഓഗസ്റ്റ് 14 ന് രാഷ്ട്രപതി പ്രതിഭാ പാട്ടീലിന്റെ കരങ്ങളിൽ നിന്നും നെഹ്റു ട്രോഫി കുമരകത്തിന്റെ മണ്ണിലേക്ക് എത്തിക്കാനുള്ള പടപ്പുറപ്പാട് വിജയിക്കണമെന്നുള്ള പ്രാർഥനയിലാണ് നാട്ടുകാർ.

പുനലൂർ ഡിപ്പോ വികസനം: കെട്ടിടങ്ങൾ പൊളിച്ചുതുടങ്ങി

പുനലൂർ: കെഎസ്ആർടിസി ഡിപ്പോ വികസനത്തിന്റെ ഭാഗമായി കെട്ടിടങ്ങൾ പൊളിച്ചുമാറ്റിത്തുടങ്ങി. മുനിസിപ്പൽ ബങ്കുകളും ഇവിടെനിന്ന് ഒഴിപ്പിക്കുന്നുണ്ട്. സ്റ്റാൻഡിലേക്ക് കയറുന്ന ഭാഗത്തേക്കുള്ള ഒരു കെട്ടിടം കഴിഞ്ഞദിവസം പൊളിച്ചുമാറ്റി.

വരും ദിവസങ്ങളിൽ പണികൾ പുരോഗമിക്കുന്ന മുറയ്ക്ക് കൂടുതൽ കെട്ടിടങ്ങൾ പൊളിക്കും.

ഡിപ്പോയുടെ നടുവിലായി സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ പൂർണമായും പൊളിച്ചുമാറ്റും. ഇതോടൊപ്പം പുതിയ കെട്ടിട നിർമാണവും പൂർത്തിയാക്കും. ഓഫീസിനായി മൂന്ന് കോടിയോളം രൂപയുടെ ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്. എംഎൽഎ ഫണ്ടും ഓഫീസ് നിർമാണത്തിനായി ചെലവാക്കുന്നുണ്ട്. ഓഫീസിന്റെ പണികൾ നടന്നുവരികയാണ്. ഡിപ്പോയ്ക്ക് തടസം സൃഷ്ടിച്ചിരുന്ന പെട്ടിക്കടകൾ ഇവിടെനിന്ന് എടുത്തുമാറ്റുന്നതോടെ കൂടുതൽ സ്ഥലസൗകര്യം ലഭിക്കും. കല്ലടയാറിന്റെ തീരത്ത് ചുറ്റുമതിൽ കെട്ടി ഡിപ്പോയുടെ സ്ഥലം വേർതിരിക്കാനും ശ്രമം നടക്കുന്നുണ്ട്.

അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും തരംതാഴ്ത്തൽ നടപടികളും മൂലം ഏറെ അവഗണിക്കപ്പെട്ട പുനലൂർ ഡിപ്പോയിൽ പുതിയ കെട്ടിടം നിർമിക്കുന്നത് യാത്രക്കാർക്ക് അനുഗ്രഹമാണ്. ദീർഘദൂര സർവീസുകളും അന്തർ സംസ്ഥാന സർവീസുകളും ഉൾപ്പെടെ എഴുപതോളം സർവീസുകളാണ് ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്നത്. യാത്രക്കാർക്ക് ബസ് കാത്തുനിൽക്കാനുള്ള സൗകര്യം പോലും ഇവിടെയില്ല. ഡിപ്പോയുടെ പ്രവേശന കവാടത്തിലെ കുഴികളിൽ വെള്ളം നിറഞ്ഞ് അപകടഭീഷണിയിലാണ്. ഈ കുഴികൾ അടയ്ക്കാൻ അധികൃതരുടെ ഭാഗത്തുനിന്ന് നടപടി ഉണ്ടായിട്ടില്ല.

മണൽ കടത്തിന് ആഡംബര കാറുകൾ

പാറശാല: തമിഴ്നാട്ടിൽ നിന്ന് മണൽ കടത്താൻ പുതിയ മാർഗം കണ്ടെത്തി. ടാറ്റാ സുമോ മുതൽ സ്കോർപിയോവരെയുള്ള ആഡംബര കാറുകൾ ഉപയോഗിച്ചാണ് പുതിയ പരീക്ഷണം. അതിർത്തി പ്രദേശങ്ങളിലെ മണൽ ലോബികൾ ഉപഭോക്താക്കളിൽ നിന്ന് വൻവില ഈടാക്കി ലാഭം കൊയ്യുന്നതും ഇവരെ സഹായിക്കുന്ന അധികൃതരുടെ നയവും കടത്തുകാരെ സഹായിക്കുന്നുണ്ട്. കന്യാകുമാരി ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് കുറഞ്ഞവിലയ്ക്ക് മണൽ അതിർത്തി പ്രദേശങ്ങളിൽ എത്തിച്ചശേഷം അവിടെ നിന്ന് പ്ലാസ്റ്റിക് ചാക്കുകളിലാക്കി കാറുകളുടെ ഡ്രൈവർ സീറ്റ് ഒഴിച്ചുള്ളവ ഇളക്കിമാറ്റി അവിടെ നിറച്ച് കടത്തുന്നതാണ് പുതിയ രീതി.

10000 രൂപ മുതൽ 15000 രൂപ വരെ കൈക്കൂലി വാങ്ങി ഇടറോഡുകളിലൂടെ നിരവധി ലോഡ് മണൽ കടത്തുസംഘം കൊണ്ടുവരുന്നുണ്ട്.

അമ്മ അറിയാൻ കളക്ടീവ് ട്രസ്റ്റ് ആരംഭിച്ചു

കൊച്ചി: ജോൺ ഏബ്രഹാമിന്റെ അമ്മ അറിയാൻ സംഘടനയുടെ തുടർച്ചയായി അമ്മ അറിയാൻ കളക്ടീവ് പ്രവർത്തന പദ്ധതി ആരംഭിച്ചു. സിനിമയും കലയും സംസ്കാരവുമടക്കം കോർപറേറ്റ് കമ്പ

കാമുകൻ കൈവിട്ടു, കാമുകി ആത്മഹത്യക്കു ശ്രമിച്ചു

വെള്ളറട: ഒരു മാസക്കാലം സഖിയാക്കിയ ശേഷം കാമുകൻ കൈവിട്ടതിൽ മനം നൊന്ത് ട്രെയിനിനു മുന്നിൽ ചാടി ആത്മഹത്യയ്ക്ക് ശ്രമിച്ച യുവതിയെ റെയിൽവേ പോലീസ് കൈയോടെ പിടികൂടി പോലീസിലേൽപ്പിച്ചു. രക്ഷിതാക്കളെ വിളിച്ചുവരുത്തി പോലീസ് നടത്തിയ ചർച്ചയ്ക്കൊടുവിൽ കാമുകൻ കാമുകിയെ ജീവിത സഖിയാക്കി. കുഴിത്തുറ റെയിൽവേ സ്റ്റേഷനു സമീപമായിരുന്നു സംഭവം. സംഭവത്തെക്കുറിച്ച് മാർത്താണ്ഡം പോലീസ് പറയുന്നത് കളിയിക്കാവിളയ്ക്കു സമീപം മേക്കോട് സ്വദേശിനിയായ ജാസ്മി(23)ൻ, നാഗർ കോവിലിലെ ഒരു നഴ്സിംഗ് കോളജിലെ ഡിപ്ലോമാ വിദ്യാർഥിയായിരിക്കെ നിഷാന്ത്(28) എന്ന ലോറി ഡ്രൈവറുമായി പ്രണയത്തിലായിരുന്നു. ആറു മാസം മുമ്പ് കോളജിലേക്കു പോയ വിദ്യാർഥിനി തിരികെ എത്തിയില്ല. ഡ്രൈവറുമായി മധുരയിൽ താമസിച്ച ജാസ്മിനെയും കൂട്ടി കഴിഞ്ഞ ദിവസം കുഴിത്തുറ റെയിൽവേസ്റ്റേഷനിലെത്തിയ നിഷാന്ത് ജാസ്മിനോടു സ്വന്തം വീട്ടിലേക്കു പോകാൻ പറഞ്ഞശേഷം ഒരു സുഹൃത്തിന്റെ ബൈക്കിൽ കയറി സ്ഥലം വിട്ടു.

കാമുകൻ ചതിക്കുഴിയിലാക്കിയതിൽ തിരികെ വീട്ടിലെത്താനാകാത്ത സാഹചര്യത്തിൽ ജാസ്മിൻ ആത്മഹത്യചെയ്യാൻ തീരുമാനിക്കുകയായിരുന്നു. രക്ഷിതാക്കളെത്തി പരസ്പരം നടത്തിയ ചർച്ചയിൽ നിഷാന്ത് ജാസ്മിനെ വിവാഹം കഴിക്കുന്നതിൽ ഇരു കുടുംബത്തിനും സമ്മതമാണെന്നറിയിച്ചതോടെ പ്രണയികൾ വധുവരന്മാരായി.

ചെറുകിട വ്യവസായം: സി.ഐ.ഐ സമ്മേളനത്തിൽ പേര് രജിസ്റ്റർ ചെയ്യാം

തിരുവനന്തപുരം: കേരളത്തിലെ ചെറുകിട വ്യവസായ മേഖലയുടെ ത്വരിത വികസനം ലക്ഷ്യം വച്ചു കൊണ്ട് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ (സി.ഐ.ഐ) ആഭിമുഖ്യത്തിൽ ഇന്നു തിരുവനന്തപുരത്ത് ഹോട്ടൽ ഗീതിൽ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സ്രോതസ് കണ്ടെത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച് ഏകദിന സമ്മേളനം നടത്തുന്നു.സാമ്പത്തിക മാർഗങ്ങൾ, ചെറുകിട വ്യവസായങ്ങൾക്കായുള്ള കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ, വിദേശ നാണ്യ വിനിമയ നിയമങ്ങളും നിബന്ധനകളും, ക്രെഡിറ്റ് റേറ്റിംഗ് തുടങ്ങി ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളെക്കുറിച്ചുമുള്ള സമഗ്രമായ ചർച്ച നടക്കും. സംസ്ഥാന ഐ.ടി വകുപ്പു സെക്രട്ടറി ഡോ. അജയകുമാർ, ദേശീയ ചെറുകിട വ്യവസായ കോർപറേഷൻ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. കെ.പി. കുമാർ, കേരള ഫിനാഷ്യൽ കോർപറേഷൻ ഡപ്യൂട്ടി മാനേജിംഗ് ഡയറക്ടർ കെ.എൻ. നായർ തുടങ്ങിയവർ പ്രസംഗിക്കും. പങ്കെടുക്കുന്നവർക്ക് ബാങ്കുകൾ, വിവിധ ധനകാര്യ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രതിനിധികളുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് സി.ഐ.ഐ ഓഫീസിലെ 0484 4012300 എന്ന ടെലിഫോണിൽ വിളിച്ചോ രശശ.സലൃമഹമ@രശശ.ശി എന്ന വെബ്സൈറ്റിലോ സൗജന്യമായി പേര് രജിസ്റ്റർ ചെയ്യാം.

യുവതി തൂങ്ങിമരിച്ച സംഭവത്തിൽ ഭർത്താവ് അറസ്റ്റിൽ

വിഴിഞ്ഞം: കല്ലിയൂർ കാക്കാമൂല പ്രേമ വിലാസത്തിൽ സുകുമാരൻ നായരുടെ മകൾ സിന്ധു (28) ഭർതൃവസതിയായ വെങ്ങാനൂർ തുമ്പിളിയോട് ഉദയമന്ദിരത്തിൽ തൂങ്ങിമരിച്ച സംഭവവുമായി ബന്ധപ്പെട്ട് ഭർത്താവ് ഉദയകൃഷ്ണ (36)നെ കോവളം പോലീസ് അറസ്റ്റ് ചെയ്തു.

ഞായറാഴ്ച വൈകുരേമാണ് സിന്ധു മരിച്ചത്. മരണത്തിൽ ദുരൂഹത ആരോപിച്ച് ബന്ധുക്കൾ പരാതി നൽകിയതിനെ തുടർാണ് അറസ്റ്റ്. സിന്ധുവിനെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചശേഷം ഉദയകൃഷ്ണൻ ഒളിവിലായിരു. സ്ത്രീധനത്തിന്റെ പേരിൽ സിന്ധുവിനെ നിരന്തരം പീഡിപ്പിക്കാറുള്ളതായി പറയപ്പെട്ടു. ഇരുവരുടെയും രണ്ടാം വിവാഹമായിരു. വിഴിഞ്ഞം സിഐ മോഹനൻ നായർ, കോവളം എസ്ഐ ബൈജു എൽ.എസ്. നായർ എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് ഉദയകൃഷ്ണനെ അറസ്റ്റ് ചെയ്തത്. പ്രതിയെ കോടതി റിമാൻഡ് ചെയ്തു.

KECHERY
CHITS & FINANCE (REGD)
PTC Tower, S. S. Kovil Road,
Thiruvananthapuram.
Ph: 2338113, 3012015

ഇന്നത്തെ സിനിമ

കൈരളി- (3013030)
രാജലീല
(11.00, 2.30, 6, 9.30)
ശ്രീ-(3013030)
കഥതുടരുന്നു
(11.30,2.30, 6.00, 9.30)
ന്യൂ- (2323244)
രാവണ് (തമിഴ്)
(11.00, 2.30, 6.00, 9.30)
ശ്രീകുമാർ - (2331222)
ഒരുനാൾ വരും (തമിഴ്)
(11.00, 2.30, 6.00, 9.00)
ശ്രീവിശാഖ്- മിലേഗ
മിലേഗ (ഹിന്ദി) (11.00, 2.30, 6.00, 9.00)
ശ്രീപത്മനാഭ- (2473999)
നല്ലവൻ
11.15, 2.30, 6.15, 9.30
ശ്രീബാല- (2478872)
മായമ്മ (മലയാളം)
അജന്ത- (2472825)
മമ്മി ആന്റ് മി (4 കളി) 11, 2.30, 6.15, 9.30
സെൻട്രൽ- (2462865)
എന്റെ സ്വർണം(ഹിന്ദി)
കൃപ- (DTS) (2471655)
ദി ലാസ്റ്റ് എയർ ബെൻഡർ
(11.30, 2.30, 6.30, 9.30)
ധന്യ- (DTS) (2476773)
പോക്കിരി രാജ
(11.15, 2.30, 6.30, 9.30)
രമ്യ- (DTS) (2476773)

രാവൺ (ഹിന്ദി)
(11.30, 2.30, 6.30, 9.30)
അഞ്ജലി- വരൻ (മലയാളം)
(11.15, 2.30, 6.15, 9.30)
അതുല്യ-നൈറ്റ് ആന്റ് ഡേ
(11.30, 2.30, 6.15, 9.30)
ആതിര- ഐ ഹേറ്റ് ലൗ സ്റ്റോറി(11.30, 2.30, 6.30, 9.30)
അശ്വതി- പയ്യ (തമിഴ്)
(2475579)
(11.30, 2.30, 6.30, 9.30)
കലാഭവൻ-ഇൻ ഗോസ്റ്റ് ഹൗസ് ഇൻ (2322314)
പേയാട് എസ്.പി.
മിസ് ദീപിക (2.30, 6.30, 9.15)
പെരിങ്ങമ്മല അശ്വതി
പാപ്പി അപ്പച്ചാ (2.30, 6.30, 9.30)
കോവളം ശ്രീനീലകണ്ഠ-
ബാഡ് ബോയ്(തമിഴ്)
വെട്ടുറോഡ് ഹരിശ്രീ-
കഥ തുടരുന്നു (3.00, 6.30, 9.30)
പോത്തൻകോട് എം.ടി
ജയം കൊണ്ടേൻ (തമിഴ്)
(2.45, 6.30, 9.30)
നെടുമങ്ങാട് സൂര്യ-
വരൻ
(11, 2.30, 6.15, 9.30)
നെടുമങ്ങാട് ശക്തി - ഓടിസുറ(11.00, 2.30, 6.30, 9.30)
നെടുമങ്ങാട് റാണി(2802240)
പയ്യ 11.00, 2.30, 6.15, 9.30)

പ്രീപെയ്ഡ് മൊബൈൽ കണക്ഷൻ സൗജന്യം

ആലപ്പുഴ: ബിഎസ്എൻഎൽ പ്രീപെയ്ഡ് മൊബൈൽ കണക്ഷനുകൾ ഇനി സൗജന്യമായി ലഭിക്കും. ആയുഷ്, സെക്കൻഡിന് ഒരുപൈസ നിരക്കിലുള്ള ജനറൽ, ഇന്ത്യയിൽ എവിടേക്കും മിനിട്ടിന് 49 പൈസ നിരക്കിലുള്ള ജനറൽ എന്നീ പ്ലാനുകളിൽ ഏതെങ്കിലും ഒരെണ്ണത്തിലേക്ക് സിംകാർഡ് ആക്ടിവേറ്റ് ചെയ്യാം. ഈ ആനുകൂല്യം ഓഗസ്റ്റ് 31 വരെ ലഭിക്കും. അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും പാസ്പോർട്ട്സൈസ് ഫോട്ടോയും നൽകി കസ്റ്റമർ സർവീസ് സെന്ററുകളിൽ നിന്നോ ഫ്രാഞ്ചൈസികളിൽ നിന്നോ സൗജന്യ സിംകാർഡ് വാങ്ങാവുന്നതാണ്.

ആറ്റുകാൽ ക്ഷേത്രത്തിൽ ഇന്ന്

രാവിലെ 5ന് ഉദയാസ്തമന പൂജ വൈകുന്നേരം 7.15ന് പുഷ്പാഭിഷേകം.

പുന്നപ്രയിൽ കുരങ്ങ് വിലസുന്നു

അമ്പലപ്പുഴ: ഫയർഫോഴ്സിനും നാട്ടുകാർക്കും പിടികൊടുക്കാതെ ഒളിച്ചുകളിക്കുന്ന ആൺകുരങ്ങ് പുന്നപ്ര തെക്കു പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ ഭീതിപരത്തുന്നു. തീരദേശ പാതയിലൂടെ സഞ്ചരിക്കുന്ന ട്രെയിനിൽ നിന്നു വെളിയിൽ ചാടിയതെന്നു കരുതുന്ന കുരങ്ങ് പുന്നപ്ര തെക്ക് പഞ്ചായത്ത് രണ്ടാംവാർഡിൽ സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ സ്ഥിതിചെയ്യുന്ന മൊബൈൽ ടവറിന്റെ മുകളിലാണ് ആദ്യം പ്രത്യക്ഷപ്പെട്ടത്. അപ്രതീക്ഷിതമായെത്തിയ അതിഥിയെ കാണാൻ കുട്ടികളടക്കമുള്ളവർ എത്തിയപ്പോൾ കൊഞ്ഞനം കാട്ടി രസിപ്പിച്ച കുരങ്ങ് യാത്രാക്ഷീണം മാറ്റാൻ ടവറിനുള്ളിലെ പ്രത്യേക അറയിൽ കിടന്ന് അരമണിക്കൂറോളം സുഖമായുറങ്ങി. തുടർന്നു നാട്ടുകാർ വിവരമറിയിച്ചതനുസരിച്ചു ഫയർഫോഴ്സ് അധികൃതർ എത്തിയെങ്കിലും പന്തികേട് മണത്തറിഞ്ഞ കുരങ്ങ് സമീപത്തെ പാടത്തിനോടു ചേർന്ന കൃഷിത്തോട്ടത്തിൽ ഒളിക്കുകയായിരുന്നു. തിങ്കളാഴ്ച ഉച്ചയോടെ പ്രത്യക്ഷപ്പെട്ട കുരങ്ങ് ഇതുവരെ നാശനഷ്ടങ്ങൾ ഒന്നുംതന്നെ വരുത്തിയിട്ടില്ല. എന്നാൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും വഴിയോരങ്ങളിലെ കുറ്റിക്കാടുകളിലും മറയുന്ന കുരങ്ങ് നിനച്ചിരിക്കാതെ അക്രമ സ്വഭാവം കാട്ടുമോയെന്ന ഭീതിയാണ് നാട്ടുകാരെ അലട്ടുന്നത്.

വായ്പ നിഷേധിച്ച ബാങ്ക് നഷ്ടപരിഹാരം നൽകണം

കൊല്ലം: വായ്പ നൽകാമെന്ന് ഉറപ്പുനൽകി സർവീസ് ചാർജ് ഈടാക്കിയ ശേഷം വായ്പ നിഷേധിച്ച ബാങ്ക് സർവീസ് ചാർജും പലിശയും 10,000 രൂപ നഷ്ടപരിഹാരമായും നൽകാൻ കൊല്ലം ഉപഭോക്തൃ തർക്ക പരിഹാര ഫോറം ഉത്തരവായി.ചവറ കുളങ്ങരഭാഗം പ്രണവം വീട്ടിൽ പി.ബഞ്ചമിൻ എച്ച്ഡിഎഫ്സി ബാങ്കിനെതിരേ ഫയൽ ചെയ്ത പരാതിയിലാണ് ഫോറം പ്രസിഡന്റ് കെ.വിജയകുമാരൻ, അംഗങ്ങളായ അഡ്വ.ര വിസുഷ, ആർ.വിജയകുമാർ എന്നിവർ ഉത്തരവായത്.

2004ൽ ഹർജിക്കാരൻ ബാങ്കിനെ ഹൗസിംഗ് ലോണിന് സമീപിക്കുകയും വായ്പ നൽകാമെന്ന ഉറപ്പിന്മേൽ സർവീസ് ചാർജായി 1250 രൂപ ബഞ്ചമിന്റെ കൈയിൽ നിന്ന് ഈടാക്കുകയും ചെയ്തു.

സെൻട്രൽ സ്റ്റേഡിയത്തിൽ പുസ്തകോത്സവം

തിരുവനന്തപുരം: കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സാംസ്കാരിക വിഭാഗമായ രചനയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ പുസ്തകോത്സവം സംഘടിപ്പിക്കുന്നു. ഇന്നു മുതൽ ഓഗസ്റ്റ് നാലുവരെയാണ് പുസ്തകോത്സവം. ഇന്നു വൈകുന്നേരം പ്രഫ.ഒ.എൻ.വി കുറുപ്പ് പുസ്തകോത്സവം ഉദ്ഘാടനം ചെയ്യും. വെള്ളിയാഴ്ച ചർച്ചയും കഥാപ്രസംഗവും ഹാൻഡ് ബുക്ക് പ്രകാശനവും നടക്കും.31 നും ചർച്ച ഉണ്ടാകും.വൈകുന്നരം ചിരിയരങ്ങ് നടക്കും.

തുടർന്നു വരുന്ന ദിവസങ്ങളിലും വിവിധ വിഷയങ്ങളിൽ ചർച്ച നടക്കും. സമാപന സമ്മേളനം ബുധനാഴ്ച വൈകുന്നേരം അഞ്ചിന് എൽ.ഡി എഫ് കൺവീനർ വൈക്കം വിശ്വൻ ഉദ്ഘാടനംചെയ്യും. ചടങ്ങിൽ സുരേന്ദ്രൻ സ്മാരക സാഹിത്യ അവാർഡുദാനം നടക്കും.